കവർസ്റ്റോറി

◆

എം. നൗഷാദ്

# ദൃശ്യഭാഷയുടെ മൗലികശുദ്ധി

**ഇസ്‌ലാമിന്** കാഴ്ചയെപ്പറ്റി സുതാര്യമായ ഒരു കാഴ്ചപ്പാടുണ്ട്. എന്തൊക്കെ കാണാമെന്നും എങ്ങനെയൊക്കെ കാണിക്കാമെന്നുമുള്ള മൂല്യബോധം ആഴമുള്ള ഒരു ലോകവീക്ഷണത്തിന്റെ കൂടപ്പിറപ്പാണ്. പൊതുവായ അർഥത്തിൽ അതിന്റെ ഊന്നലുകൾ ഇസ്‌ലാമിന്റെ ശരാശരി കർമശാസ്ത്ര ഊന്നലുകളിന്മേൽ വികസിച്ചതാണ്. അതുകൊണ്ടാണ് ലോകത്തിലെ ഏറ്റവും കർശനമായ സെൻസർഷിപ്പ് നിയമങ്ങളുള്ള രാഷ്ട്രം ഇസ്‌ലാമിക ഇറാനായത്. എന്നിട്ടും ഏതാണ്ട് രണ്ടു പതിറ്റാണ്ടോളമായി ലോകത്തെ ഏറ്റവും ദാർശനികവും രാഷ്ട്രീയപരവും ഹൃദ്യസുന്ദരവുമായ ചലച്ചിത്രങ്ങൾ പുറത്തുവരുന്ന ദേശവും ഇസ്‌ലാമിക ഇറാൻ തന്നെയാണ്. ആധുനിക കലാരൂപങ്ങളുടെ ഇസ്‌ലാമികമായ ഉപയോഗ്യതയെക്കുറിച്ചുള്ള സത്യസന്ധമായ അന്വേഷണങ്ങളിൽ ഇറാൻ സിനിമയുടെ പരീക്ഷണത്തിൽനിന്ന് - അതിലെ വിജയത്തിൽനിന്നും പരാജയത്തിൽനിന്നും - കുറേ പാഠങ്ങൾ പഠിക്കാമെന്നു തോന്നുന്നു. ഏറ്റവും ശ്രദ്ധേയം 1979-ൽ ഇസ്‌ലാമിക വിപ്ലവം വിജയിച്ച ഘട്ടത്തിൽ ചലച്ചിത്ര കലയെ നിരോധിക്കുന്നതിനെപ്പറ്റി ഇറാൻ ആലോചിച്ചില്ല എന്നതാണ്. മറിച്ച് ഇസ്‌ലാമിക കലയുടെയും സംസ്കൃതിയുടെയും വ്യാപനത്തിനും ഗവേഷണത്തിനും വേണ്ടി കലാകാരന്മാരുടെ ഒരു കൗൺസിൽ സ്ഥാപിക്കാനാവശ്യപ്പെടുകയാണ് ഇമാം ഖുമൈനി ചെയ്തത്. സാങ്കേതികവിദ്യയുടെ അപ്രതിരോധ്യമായ വളർച്ചയെക്കുറിച്ചുള്ള പ്രത്യാശാഭരിതമായ ഒരു ദീർഘവീക്ഷണം ആ തീരുമാനത്തിനു പിന്നിൽ കാണാവുന്നതാണ്.

പ്രസ്തുത കൗൺസിൽ നേരിട്ടു മേൽനോട്ടം വഹിച്ചുകൊണ്ട് ആദ്യകാലത്ത് പുറത്തിറങ്ങിയ പല സിനിമകളും ഇസ്‌ലാമിക ജീവിതാവബോധത്തിന്റെ മഹത്വത്തെ നേരിട്ടു പ്രബോധനം ചെയ്യുന്നവ പോലുമായിരുന്നു. പക്ഷേ, കലാരൂപമെന്ന നിലക്ക് അവ നിലവാരം കെട്ടില്ല. 'അതികഠിന'മായ സെൻസർഷിപ്പു ചട്ടങ്ങൾക്കകത്തുനിന്നുകൊണ്ട് മനുഷ്യജീവിതത്തിലെ എല്ലാ സങ്കീർണ പ്രശ്നങ്ങളെയും കൈകാര്യം ചെയ്യേണ്ടിവന്നതിനാലാവണം ഇറാനിലെ ചലച്ചിത്രകാരന്മാർ ഇത്രയേറെ വ്യത്യസ്തരും സർഗാത്മകചൈതന്യം തുളുമ്പുന്നവരുമായതെന്ന് വളരെയേറെ തവണ നിരീക്ഷിക്കപ്പെട്ടതാണ്. ഇസ്‌ലാമും ദൃശ്യമാധ്യമവും തമ്മിലുള്ള ബന്ധത്തപ്പറ്റിയുള്ള ചർച്ചയിൽ ഇറാൻ സാംസ്കാരിക മന്ത്രാലയത്തിന്റെ സെൻസർഷിപ്പ് നിയമങ്ങൾ അനുസ്മരിക്കുന്നത് നന്നാവും. സ്ത്രീകളുടെയും പുരുഷന്മാരുടെയും നഗ്നശരീരം തിരശ്ശീലയിൽ കാണിക്കുന്നതിനെ അത് കർശനമായി വിലക്കുന്നു. ഇറുകിയ വസ്ത്രങ്ങളെയും വിലക്കുന്നു. ഇസ്‌ലാം 'ഔറത്ത്' ആയി നിശ്ചയിച്ചിട്ടുള്ള ശരീരഭാഗങ്ങൾ മറയ്ക്കൽ സ്ത്രീക്കും പുരുഷനും നിർബന്ധമാണ്. പാശ്ചാത്യ സിനിമാസ്വാദന സംസ്കാരം സ്ത്രീശരീര നഗ്നതാസ്വാദന ശീലവുമായി ഒട്ടിച്ചേർന്നതാകയാൽ ഇറാൻ സിനിമയിലെ ഹിജാബ് നിർബന്ധത്തെ അസഹിഷ്ണുതയോടെ വിമർശിക്കുക സ്വാഭാവികമായിരുന്നു. അതോടൊപ്പം പുരുഷനും സ്ത്രീയും സിനിമയിൽ പരസ്പരം തൊടാനോ കെട്ടിപ്പിടിക്കാനോ ചുംബിക്കാനോ മറ്റെന്തെങ്കിലും ലൈംഗികചേഷ്ടകൾ പ്രകടിപ്പിക്കാനോ പാടില്ലെന്നുമുണ്ട് ഇറാനിൽ. നടീനടന്മാർ യഥാർഥ ജീവിതത്തിൽ ഭാര്യാഭർത്താക്കന്മാരാണെങ്കിൽ അത്യാവശ്യഘട്ടത്തിൽ സിനിമയിൽ പരസ്പരം തൊടുന്നതിനു വിരോധമില്ല; അതിലപ്പുറം പോകാൻ അനുവാദമില്ല. സ്ത്രീകളുടെ മുഖഭാഗങ്ങൾ ക്ലോസപ്പിൽ കാണിക്കുന്നതിനെയും നിയമങ്ങൾ തടയുന്നുണ്ട്. പുറമെ, അക്രമരംഗങ്ങളും നേരിട്ടുള്ള ഹിംസയും ചിത്രീകരിക്കാൻ പാടില്ല. ഇറാനിലെ ആത്മീയ നേതൃത്വത്തെയോ ദേശീയനായകരെയോ പരിഹസിക്കുന്നതോ അധിക്ഷേപിക്കുന്നതോ ആയ രംഗങ്ങളും ഒഴിവാക്കണമെന്നാണ് നിർദേശം. ലഹരിവസ്തുക്കളുടെ ഉപയോഗം, അശ്ലീല പദപ്രയോഗങ്ങൾ, അതിരുകടന്ന ഹാസ്യം, പാശ്ചാത്യ മട്ടിലുള്ള സംഗീതം എന്നിവയും തിരശ്ശീലയിൽനിന്നും മാറ്റിനിർത്തപ്പെട്ടിരിക്കുന്നു. നമ്മുടെ സാംസ്കാരിക പരിസരത്തിൽനിന്നു നോക്കുമ്പോൾ ഏറ്റവും പ്രസക്തമായ നിയമങ്ങൾ ഇത്രയുമാണ്. മലയാളത്തിലുൾപ്പെടെ, അനേകം സെക്യുലർ നിരൂപകർ ഈ വ്യവസ്ഥയെ വിമർശിക്കുകയും ചോദ്യം ചെയ്യുകയും ചെയ്തിട്ടുണ്ട്. ഇസ്‌ലാമികമായ കാഴ്ചപ്പാടിൽ നോക്കുമ്പോൾ മേൽപറഞ്ഞവയുടെ സാംഗത്യവും ഉദ്ദേശ്യ ശുദ്ധിയും സംശയാതീതമാണ് (ചില അപൂർവ സന്ദർഭങ്ങളിൽ വിമതരായ ചലച്ചിത്രകാരന്മാരെ നേരിടാൻ ഇറാനിലെ പൗരോഹിത്യം രാഷ്ട്രീയ സെൻസറിംഗിനെ ദുരുപയോഗം ചെയ്തുവെന്ന വാർത്ത നിയമങ്ങളുടെ മൗലികമായ ഉദ്ദേശ്യ ശുദ്ധിയെ അട്ടിമറിക്കുന്നില്ല എന്നു സാന്ദർഭികമായി ഓർക്കുന്നു).

സെൻസർഷിപ്പ് എക്കാലത്തും ഒരു സങ്കീർണ പ്രശ്നമാണ്. അത് ഔദ്യോഗികമായാലും സ്വയം ആചരിക്കുന്നതായാലും. ഔദ്യോഗികത്തേക്കാൾ അപകടകരമാകും സ്വയം സ്വീകരിച്ച സെൻസറിംഗ്, രാഷ്ട്രീയ നിലപാടുകളുടെ കാര്യത്തിൽ. സാംസ്കാരികവും നാഗരികവുമായ മൂല്യപ്രകാശനങ്ങൾക്കുവേണ്ടി വന്യവികാരോത്തേജന വഴികളിൽനിന്ന് വിട്ടു നിൽക്കുന്ന പ്രവൃത്തിയാകട്ടെ പ്രബുദ്ധതയായി വേണം കാണാൻ. ഇസ്‌ലാമിന്റെ മാതൃകാസമൂഹം രണ്ടാമത്തെ രീതിയെ സ്വപ്നം കാണുകയാവും ചെയ്യുക. അതിലേക്ക് ചുവടുവെക്കാനുള്ളവഴി മാത്രമാണ് ഔദ്യോഗിക സെൻസറിംഗ്. അത് ഏതു സമൂഹത്തിലും അങ്ങനെയാണ്. ലോകത്തെ ഏറ്റവും വലിയ ജനാധിപത്യരാഷ്ട്രമായ ഇന്ത്യയിലും വർഗീയ-ലൈംഗിക-ഹിംസാത്മക ദൃശ്യങ്ങളിൽ കർശനമായ സെൻസറിംഗ് ഔദ്യോഗികമായും അനൗദ്യോഗികമായും നടക്കാറുണ്ടല്ലോ.

ഇറാനിലെ നിലവിലുള്ള സെൻസർഷിപ്പ് വിലക്കുകളെ വിലയിരുത്തിയാൽ അവയത്രയും മുഖ്യമായും ലൈംഗികതയുമായും കുറ്റകൃത്യമായും ബന്ധപ്പെട്ടതാണെന്നു കാണാം. സിനിമ എന്ന ദൃശ്യശ്രാവ്യ മാധ്യമത്തിന്റെ പൊതുജന സ്വാധീനശക്തിയെപ്പറ്റിയുള്ള ഉത്തരവാദിത്വബോധത്തിൽനിന്നാണ് ആ നിയമങ്ങൾ മൗലികമായും ഉത്ഭവിക്കുന്നത്. അത് പുതിയൊരു നാഗരികതയെയും സംസ്കാരത്തെയും സ്വപ്നം കാണാനുള്ള ആഹ്വാനമാണ്. സിനിമ മുതലാളിത്തത്തിന്റെ മുതൽമുടക്ക് ആവശ്യമുള്ള കലയാണെന്നും, ഇറക്കിയ മൂലധനം തിരിച്ചുപിടിക്കാനും ലാഭകരമാക്കാനും ഏറ്റവും നല്ല എളുപ്പവഴി ലൈംഗികതയുടെ പ്രത്യക്ഷ-പരോക്ഷ ചേരുവകൾ സിനിമയിൽ ചേർക്കലാണെന്നും സിനിമയുമായി ബന്ധപ്പെട്ട എല്ലാവരും നിരീക്ഷിച്ചി

ട്ടുള്ളതും അനുഭവിച്ചിട്ടുള്ളതുമാണ്. ലോക സിനിമയുടെ വികാസ ചരിത്രം സൂക്ഷ്മമായി അത് വെളിപ്പെടുത്തുന്നുണ്ട്. പലപ്പോഴും ഒരു ലൈംഗികോത്തേജന അനുഭവം മാത്രമായാണ് പൊതുസമൂഹം ചില പ്രത്യേകതരം വാണിജ്യ സിനിമകളെ സമീപിക്കുന്നതുതന്നെ. മുഖ്യധാരാ ചലച്ചിത്രങ്ങളിലെ ഗാനരംഗങ്ങൾ, സംഘട്ടനങ്ങൾ, കിടപ്പറ (ശ്ലീലമായതും) ചിത്രീകരണങ്ങൾ തുടങ്ങിയവയിലെല്ലാം തന്നെ പ്രേക്ഷകരുടെ ലൈംഗിക ഉണർവിനെയും ശരീരശക്തി പ്രകടനത്തെയും ആസ്വാദനത്തെയും ലക്ഷ്യം വെക്കുന്ന അനേകം ഉപായങ്ങൾ സ്ഥിരമായി ഉപയോഗപ്പെടുത്തുന്നുണ്ട്. സിനിമയുടെ ഈയൊരു രാഷ്ട്രീയമാധ്യമ ബോധം സ്ഥൂലമായെങ്കിലും ഇറാന് ഉണ്ടായിരുന്നുവെന്നുതന്നെ കരുതണം. അല്ലെങ്കിൽ കവിതയിൽ ആരെയും വെല്ലുന്ന മഹദ്ബൃഹദ്പാരമ്പര്യങ്ങളുള്ള പേർഷ്യൻ ജനതക്ക് സിനിമയിൽ മാത്രം കർമശാസ്ത്രത്തോടുള്ള കടുംപിടിത്തം ഉണ്ടാവാനിടയില്ല. ഇതിനെ മാധ്യമത്തെക്കുറിച്ചുള്ള രാഷ്ട്രീയബോധം എന്നും പറയാം. ഇറാനിലെ സെൻസർഷിപ്പ് നിയമങ്ങൾ ഇസ്‌ലാമികദൃശ്യസംസ്കാരത്തിന്റെ അവസാന വാക്കാണെന്നല്ല സൂചിപ്പിക്കുന്നത്. അതിലിനിയും വെട്ടേണ്ടതും തിരുത്തേണ്ടതുമുണ്ടാകാം. തീർച്ചയായും, പാശ്ചാത്യ സിനിമാ പണ്ഡിതരല്ല അതു ചെയ്യേണ്ടത് എന്നു മാത്രം.

കാഴ്ചക്ക് സൗന്ദര്യശാസ്ത്രപരവും രാഷ്ട്രീയവുമായ മാനങ്ങളുണ്ട്. ഏതു കലയും ചെയ്യുന്നത് ജീവിതത്തെക്കുറിച്ചുള്ള സത്യം വെളിപ്പെടുത്തലോ പ്രതിഫലിക്കലോ ആണ്. കുറച്ചുകൂടി നന്മയും സമാധാനവും സ്നേഹവും സന്തോഷവും നിറഞ്ഞ ജീവിതം ജീവിക്കാനാകുമല്ലോ എന്ന് നല്ല കലാസൃഷ്ടികൾ നമ്മെ ആഴത്തിൽ ഓർമപ്പെടുത്തും. നമ്മൾ കണ്ട നല്ല സിനിമയിലെ മനുഷ്യർ, അവർ അനുഭവിച്ച ജീവിതവും അതിന്റെ ചൈതന്യവും സഹിതം, സിനിമ തീർന്നാലും നമ്മുടെ മനസ്സിൽ അവശേഷിക്കും. അവർ കുറേക്കാലം നമ്മോടൊപ്പം ജീവിക്കും. നമ്മുടെ ആത്മാവിനോട് സംസാരിച്ചുകൊണ്ടിരിക്കും. മനസ്സിലെ മാലിന്യങ്ങളെ അവർ കഴുകിവൃത്തിയാക്കും. കൂടുതൽ ഉത്കൃഷ്ടരാവേണ്ടതെങ്ങനെയെന്ന് നമ്മൾ അനുഭവിച്ചറിയും. അത് ആ കഥാപാത്രം നമ്മോട് ഒരു പ്രസംഗം നടത്തിയതുകൊണ്ടല്ല. പലപ്പോഴും ഒരു പ്രസംഗവും നടത്താതിരിക്കുമ്പോഴാണ് അതുണ്ടാവുക. ഒരു തുള്ളി കണ്ണീരുകൊണ്ട്, ഒരു പൂർണ നിശ്ശബ്ദത കൊണ്ട്, ഒരു ദീർഘിച്ച നോട്ടം കൊണ്ട്, ഒരു തേങ്ങലോ മൂളലോ തിരിഞ്ഞുനോട്ടമോ മടങ്ങിവരലോ ഹസ്തദാനമോ പുഞ്ചിരിയോ കൊണ്ട് നമുക്ക് കൈമാറിയേക്കാനാവുന്ന മഹദ്ഭാഷണങ്ങൾ ഒരുപദേശിക്കും ഒരിക്കലും പറയാനാവില്ല. അതാണ് കലയുടെ മഹത്വം സൃഷ്ടിപ്പിന്റെ നിഗൂഢത. ജീവിതത്തിലേക്കും പ്രപഞ്ചത്തിലേക്കും തുറന്നുവെച്ച മൂന്നാംകണ്ണാണ് 'ക്യാമറ'. എന്തിനെയും ഒപ്പിയെടുത്ത് സൂക്ഷിക്കാനാവുന്ന അതിന്റെ അത്ഭുതസിദ്ധിയിൽ നാഗരികതകളെ പടുക്കാനും തകർക്കാനുമുള്ള ശേഷിയുണ്ട്. അതറിയാതെ അതിൽ തൊടരുത്. 'വായിക്കുക' എന്ന് ഹിറാ ഗുഹയിൽ പ്രവാചകനോടോതിയ കൽപനയേ, നിയോഗമേ, ദൗത്യമേ ക്യാമറകൊണ്ടും ചെയ്യാനുള്ളൂ. അത് ജീവിതം കൊണ്ടുള്ള കാഴ്ചയുടെ സാക്ഷ്യപ്പെടുത്തലാണ്. കച്ചവടമല്ല, കോമഡിയല്ല, നേരമ്പോക്കല്ല, എന്തെങ്കിലും കഥ പറഞ്ഞുതീർക്കലല്ല. ഉപദേശം റിക്കാർഡ് ചെയ്താൽ ചലച്ചിത്രമാവില്ല. നാടകം പാടത്തും പറമ്പിലും ചെന്ന് ക്യാമറയുടെ മുമ്പിൽ കളിച്ചാൽ സിനിമയാവില്ല. നാടകവും ചലച്ചിത്രവും രണ്ടു വ്യത്യസ്ത കലാരൂപങ്ങളാണ്. കലാകാരന് സാമൂഹിക പ്രതിബദ്ധതയോളം പ്രധാനമാണ് മാധ്യമബോധവും. മുഖ്യധാരാ കച്ചവട സിനിമ ഉൽപാദിപ്പിച്ച സാന്ദർഭിക ഹാസ്യങ്ങളെ സാമുദായികമായി പരിഷ്കരിച്ച് പുതിയ കുപ്പിയിൽ വിളമ്പുന്നത് മോശപ്പെട്ടതരം 'കൾച്ചറൽ മിമിക്രി'യാണ്. പ്രേക്ഷകർ ഒരു സിനിമയെ സമീപിക്കേണ്ടത് അതിന്റെ മൗലികതയുടെ പേരിലാവണം. അത് ജീവിതത്തിനേകുന്ന പുതുമയുടെയും ഹൃദ്യതയുടെയും ആഗ്രഹത്താലാകണം. കുറേ കോമഡിയും അവസാനം ഉറപ്പായും വരുന്ന സദുപദേശ പ്രസംഗവും അല്ല ചലച്ചിത്രം. നമ്മുടെ സിനിമകളിൽനിന്ന് പ്രേക്ഷകർ മുഖ്യമായും പ്രതീക്ഷിക്കുന്നത് നർമമാണ് എന്ന അവസ്ഥ പോലും ഇപ്പോൾ സംജാതമായിട്ടുണ്ട്. ചലച്ചിത്രത്തെ മൗലികമായ സർഗാത്മകബാധ്യതയുടെ സ്നേഹം നിറഞ്ഞ അവധാനതയോടെ സമീപിക്കുന്നില്ലെങ്കിൽ അറിയാതെ പല അബദ്ധങ്ങളിൽ ചെന്നു ചാടും സംവിധായകൻ. സിനിമ ഒരു കൂട്ടായ സൃഷ്ടിപ്പാണ്. പക്ഷേ, അപ്പോഴും ഉത്തരം പറയേണ്ടയാൾ സംവിധായകനാണ്. ഒരു മുഖ്യ നടനോ അയാളുടെ കോമഡി ഇമേജോ ഒരു ശരിയായ ചലച്ചിത്രകാരന് ബാധ്യതയായിക്കൂടാ. വളരെ ആത്മാർഥമായി നിർമിക്കുന്ന സിനിമകളിൽപോലും ഇത്തരം ചില പാത്രസൃഷ്ടിപ്പുകളും ഹാസ്യത്തിനു വേണ്ടിയുള്ള ഹാസ്യവും വഴി സ്വയമറിയാതെ വഴിതെറ്റിപ്പോകും. അതുകൊണ്ട് മികച്ച കോമഡി പോലും ഉണ്ടാകുന്നുമില്ല. അത്യാവശ്യം വിപണന ചേരുവകൾ തട്ടിക്കൂട്ടാം. കച്ചവടം മോശമല്ലാതെ നടക്കുന്നുണ്ടാകാം. ഒരു ദൗത്യവും അത് നിർവഹിക്കാൻ പോകുന്നില്ല. എന്നല്ല, മാപ്പിളപ്പാട്ട് ആൽബങ്ങളിൽനിന്ന് വ്യത്യസ്തമായി, ടെലി സിനിമകൾ മതബോധമുള്ള കുടുംബങ്ങളെ ലക്ഷ്യംവെക്കുന്നതിനാൽ, ഇതുതീർക്കുന്ന സാംസ്കാരിക മലിനീകരണം അപകടകരമായേക്കും. ചാനലുകളുടെയും ദൃശ്യമാധ്യമങ്ങളുടെയും പ്രളയലഹളക്കിടയിലും ഇസ്‌ലാമികമായി ഒന്നും കാഴ്ചക്കില്ലാതിരുന്നതിന്റെ ശൂന്യതയിലേക്കാണ് ടെലിസിനിമകൾ കടന്നുവരുന്നത്. ഇസ്‌ലാമികമായി മാർക്കറ്റ്ചെയ്യാവുന്ന സാമൂഹിക പ്രാധാന്യമുള്ള വിഷയങ്ങളാണ് അവ തെരഞ്ഞെടുത്തത്. നല്ല സിനിമകൾ കാണാത്തതിന്റെയും സിനിമ എന്ന മാധ്യമത്തിന്റെ ശക്തിദൗർബല്യങ്ങൾ കണ്ടെത്താത്തതിന്റെയും പോരായ്മ ഇത്തരം എല്ലാ ചലച്ചിത്രങ്ങളിലും ചൂണ്ടിക്കാണിക്കാനാകും. അതിനും പുറമെയാണ് ഇസ്‌ലാമികമായിപ്പോലും വന്നുപോകുന്ന സ്ഖലിതങ്ങൾ.

പെണ്ണ് പർദ ധരിച്ചെത്തിയാൽ സിനിമ ഇസ്‌ലാമികമായി എന്ന വിചാരം മഹാവിഡ്ഢിത്തമാണ്. കാഴ്ചക്കാരെങ്കിലും ഇത് തിരിച്ചറിയേണ്ട സമയമാണ്. നമ്മുടെ ചാനലുകളിലെ കണ്ണീർ പരമ്പരകളെ പർദയണിയിച്ചാൽ അവ ഇസ്‌ലാമികമാകുമോ? അതിലുമുണ്ടല്ലോ കുറേ ഉപദേശികൾ? എവിടെയാണ് മൗലികമായ വിഭജനം? എന്തു പറയുന്നു എന്നതിലും, എന്തിനു പറയുന്നു എന്നതിലും, എങ്ങനെ പറയുന്നു എന്നതിലുമാണീ രഹസ്യം കിടക്കുന്നത്. അവിടെയാണ് ഒരു സിനിമ ഇസ്‌ലാമികമായി ശരിയും തെറ്റുമാകുന്നത്. പർദയിട്ട് ചിരിച്ചുല്ലസിക്കുന്ന സുന്ദരിമാർ തെരുവോര പർദാപരസ്യങ്ങളിലും മുഖ്യധാരാ സിനിമകളിലും ഇന്ന് നിരവധിയാണ്. അതൊക്കെ ഇസ്‌ലാമികവും ആസ്വദനീയവുമാണെന്ന് നമ്മൾ തെറ്റിദ്ധരിച്ചുവോ? ഇസ്‌ലാമിൽ കച്ചവടം പാപമല്ലെന്നതു ശരിതന്നെ. പക്ഷേ, കച്ചവടത്തിനുവേണ്ടി സദാചാരത്തെ അക്രമിക്കുന്നതു വലിയ തെറ്റാണ്. ഇതിൽ ഉപഭോഗതൃഷ്ണയുടെയും ആഗോളവത്കരണ വിപണിമൂല്യങ്ങളുടെയും സംപ്രേഷണമാണ് അറിഞ്ഞോ അറിയാതെയോ നടക്കുന്നത്. ഇസ്‌ലാമികമായി അഭിലഷണീയമല്ല അത്. സ്വന്തം സിനിമകളിൽ ഇസ്‌ലാമിനെക്കുറിച്ച് പ്രസംഗിക്കുകയോ ഉപദേശം കൊടുക്കുകയോ ഒരിക്കലും ചെയ്യാത്ത അബ്ബാസ് കിരസ്തമിയും മാജിദ് മജീദിയുമൊക്കെ സ്ത്രീകഥാപാത്രങ്ങളെ ഫ്രെയിമിലേക്കു കൊണ്ടുവരുന്നത് അത്യാവശ്യസന്ദർഭങ്ങളിൽ മാത്രമാണ്. നന്നായി മേക്കപ്പ് ചെയ്തതും സി.ഡി പൗച്ചിന്റെ പുറം ചട്ടയിലും പബ്ലിസിറ്റി പരസ്യങ്ങളിലുമിട്ടാൽ പുരുഷനയനങ്ങൾക്ക് ഇഷ്ടമാകുന്നതുമായ സ്ത്രീകളെയല്ല അവർ കാസ്റ്റ് ചെയ്യാറ്. മാജിദ് മ

ജീദിയുടെ ഒരു രീതി തന്നെ നിഷ്കളങ്കരായ കുട്ടികളുടെ ലോകങ്ങൾ അവതരിപ്പിക്കുക എന്നതാണ്. അദ്ദേഹത്തിന്റെ 'ചിൽഡ്രൻ ഓഫ് ഹെവൻ' എന്ന ചലച്ചിത്രം മലപ്പുറം ജില്ലയിലെ വേങ്ങരയിലെ ഒരു യുവജനകൂട്ടായ്മ വളരെ മുമ്പെ മലയാളത്തിൽ ഡബ്ബ്ചെയ്തത് സ്വാഗതാർഹമായ ഒന്നായിരുന്നു. നിർമാതാക്കളുടെ അനുവാദത്തോടെ അത്തരം ശ്രമങ്ങൾ നടക്കേണ്ടതു തന്നെയാണ് (ഇറാനിലെ സെൻസർഷിപ്പ് നിയമങ്ങളുടെ ഒരു 'നിഷ്കളങ്കമായ' അതിവർത്തനം ഇറാനിലെ 'കുട്ടി' കേന്ദ്രിത സിനിമകളിലുണ്ടെന്ന് നിരീക്ഷിക്കപ്പെട്ടിട്ടുണ്ട്).

വിപണിയെ മുൻനിർത്തി ഉപരിപ്ലവ ഇസ്‌ലാമിക ആശയ വിനിമയത്തിന് ചലച്ചിത്രങ്ങൾ തട്ടിക്കൂട്ടുകയും നിലവിലെ ശൂന്യതയിൽ നമ്മുടെ ശരാശരി പ്രേക്ഷകഭവനങ്ങൾ അവ സ്വീകരിക്കുകയും ചെയ്യുന്നതിനൽ ഒരു അപായ സൂചന കൂടിയുണ്ട്. അത്യാവശ്യം സാങ്കേതികജ്ഞാനവും പണവുമുള്ള ഏതൊരാൾക്കും ഒന്നു പരീക്ഷിക്കാവുന്ന ഇടമായി മുസ്‌ലിം ടെലിസിനിമ മാറും (മാറിക്കഴിഞ്ഞില്ലേ?). അങ്ങനെ പർദയിട്ട സുന്ദരിപ്പെൺകുട്ടികളും കുറേ കോമഡിയും അത്യാവശ്യം സദുപദേശവും നന്നായി മിക്സുചെയ്ത രചനകൾ ഇഷ്ടം പോലെ വരും. അവയൊക്കെ വാങ്ങിക്കാണാനും നിരൂപിക്കാനും ആളുണ്ടാവുകയും ചെയ്യും. പരോക്ഷ ലൈംഗികതയുടെ സാധ്യത ഫലപ്രദമായി ഉപയോഗപ്പെടുത്താനായാൽ മികച്ച കച്ചവടം ഉറപ്പ്. പക്ഷേ, നഷ്ടപ്പെട്ടുപോകുന്നത്, നമ്മുടെ 'ഇസ്‌ലാമിക'(?) വീടകങ്ങളിലെ നിഷ്കളങ്ക ജീവിത ദർശനമായിരിക്കും.

കുഴഞ്ഞുമറിഞ്ഞു കിടക്കുന്ന സിനിമയുടെ ദൃശ്യസംഘാത ശേഷിയെ അതിന്റെ മികവുകളുടെ പൂർണതയിൽ ഇസ്‌ലാമിനുവേണ്ടി എടുത്തുപയോഗിക്കാനും മായ്ച്ചുകളയാനാവാത്തവിധം ലോക അഭ്രഭാഷയിൽ ഇസ്‌ലാമിക വീര്യത്തെ മുദ്രണം ചെയ്യാനും ധൈര്യം കാണിച്ച ചരിത്രത്തിലെ ഒന്നാമത്തെ മനുഷ്യനായിരുന്നു ഒരുപക്ഷേ, മുസ്ത്വഫാ അഖാദ്. ചിന്തയിലും ഭാവനയിലും മൗലികതയുള്ള ഇസ്‌ലാമിക ആർജവത്തിന്റെ അസാമാന്യമായ ആ പ്രസരിപ്പിൽനിന്നാണ് 'മെസേജും' 'ഉമർ മുഖ്താറും' രൂപപ്പെട്ടത്. ഇസ്‌ലാമിന്റെ ആദ്യകാല ചരിത്രത്തെ ചലച്ചിത്രത്തിനുപയോഗിച്ച മറ്റനേകം സംരംഭങ്ങളുണ്ട്. പ്രത്യേകിച്ച് ആഫ്രിക്കൻ മുസ്‌ലിം കമ്മിറ്റിയുടെ ബാനറിൽ പുറത്തിറങ്ങിയ സിനിമകൾ. സാങ്കേതികമായ വീഴ്ചകളുണ്ടായിരുന്നെങ്കിലും ഇസ്‌ലാമികമായ വിട്ടുവീഴ്ചകൾക്ക് അവരൊന്നും വഴങ്ങിക്കൊടുത്തില്ല. അതൊരു വഴിയാണ്. വളരെ കുറച്ചുപേർ മാത്രം പോയ ഒരു വഴി.

വളരെയേറെ പ്രയാസങ്ങളും കഠിനാധ്വാനവും എതിർപ്രചാരണങ്ങളും സഹിച്ചാണ് മുസ്ത്വഫാ അഖാദിനെപ്പോലെയുള്ളവർ സിനിമ ചെയ്തത്. അൽ അസ്ഹറിലെ ഉന്നത പണ്ഡിതരിൽനിന്നും തിരക്കഥക്കും ചലച്ചിത്രത്തിനും അംഗീകാരം കിട്ടിയിട്ടുകൂടി സിനിമേതരമായ കാരണങ്ങളാൽ സിറിയയിലും ഈജിപ്തിലും 'മെസേജ്' നിരോധിക്കപ്പെട്ടു. ഇസ്‌ലാമിന്റെ അന്ത്യപ്രവാചകനും ഖുലഫാഉർറാശിദീനും ഉൾപ്പെട്ട ആദ്യകാലചരിത്രം ചലച്ചിത്രകലയുടെ മൗലികപരിമിതികളിലേക്കു കൊണ്ടുവന്നതുതന്നെ അബദ്ധമായെന്ന ദാർശനിക വിമർശനം ഇപ്പോഴും പ്രബലമായുണ്ട്. അഖാദ് ജൂതചാരനാണെന്നു മുസ്‌ലിം ലോകത്ത് പലയിടങ്ങളിലും തെറ്റുധാരണ പരക്കുന്നതങ്ങനെയാണ്. അമേരിക്കൻ പ്രസിഡന്റുമാരെ തെരഞ്ഞെടുക്കുന്നതിൽ മൊസാദിനുള്ള പങ്ക് വിശദമാക്കുന്ന The Hebron Operation എന്ന പുസ്തകത്തിന്റെ ചലച്ചിത്രാഖ്യാനം മുസ്ത്വഫാ അഖാദായിരിക്കും ചെയ്യുക എന്ന് ഒരു ഹോളിവുഡ് കമ്പനി പ്രഖ്യാപിച്ചതോടെ അഖാദ് ജൂത ഏജന്റാണെന്ന് 'ഉറപ്പായി.' 'ഇസ്‌ലാം ഓൺലൈനി'നു കൊടുത്ത ദീർഘ അഭിമുഖത്തിൽ തന്നിലേക്കു ചേർത്തുവെച്ച, നടന്നതും നടക്കാത്തതുമായ പ്രൊജക്ടുകളുടെ സത്യാവസ്ഥ അഖാദ് വെളിപ്പെടുത്തുന്നുണ്ട്. സുൽത്താൻ സ്വലാഹുദ്ദീൻ അയ്യൂബിയുടെ അഭ്രാവിഷ്കാരമായിരുന്നു അവസാനകാലത്ത് അഖാദിന്റെ ഏറ്റവും വലിയ സ്വപ്നം. സൂക്ഷ്മവും വിശദവുമായ ഗവേഷണത്തിനൊടുവിൽ തയാറാക്കിയ തിരക്കഥയുമായി നീണ്ട ഇരുപതു വർഷങ്ങൾ അദ്ദേഹം നിർമാതാവിനെ തേടി നടന്നു. പാശ്ചാത്യ പ്രേക്ഷകനു മുമ്പിൽ ഇസ്‌ലാമിന്റെ നാഗരിക-സാംസ്കാരിക സംശുദ്ധിയെ, അവർക്കു പരിചിതമായ ഇമേജുകളിൽനിന്ന് മോചിപ്പിച്ച്, സ്വലാഹുദ്ദീൻ എന്ന പരിപൂർണനായ യോദ്ധാവിന്റെ വിശുദ്ധവീര്യത്തോടെയും ഉത്കർഷേഛ നിറഞ്ഞ കാരുണ്യത്തോടെയും അവതരിപ്പിക്കുകയായിരുന്നു അഖാദിന്റെ ലക്ഷ്യം. ആരും സഹായിക്കാനില്ലാതെ പ്രോജക്ട് നീണ്ടുപോയി. അഖാദ് അറബ് ലോകത്തെ എല്ലാ കോടീശ്വരന്മാരെയും കണ്ടു. താൻ പറയുന്ന നായികയെ കാസ്റ്റ് ചെയ്യണമെന്നായിരുന്നു ഒരു അറബ് രാജകുമാരന്റെ ഡിമാന്റ്. അഖാദ് ചിരിച്ചൊഴിഞ്ഞു. തങ്ങളുടെ രാഷ്ട്രീയ നിലപാടുകൾക്കനുസൃതമായ ചില തിരുത്തലുകൾ തിരക്കഥയിൽ നടത്തണമെന്ന ഉപാധിയോടെ ഒരു ഭരണകൂടം പണം വാഗ്ദാനം ചെയ്തു. പിന്നെ ആ സിനിമ ചെയ്യുന്ന തിലർഥമില്ല എന്നുപറഞ്ഞ് അഖാദ് മടങ്ങി. തിരക്കഥയെ അപ്പടി അംഗീകരിച്ച ഒരു മുസ്‌ലിം രാഷ്ട്രം വെച്ച നിബന്ധന, ഇതിന്റെ പൂർത്തീകരണം കഴിഞ്ഞാൽ തങ്ങളുടെ രാഷ്ട്രനായകനെക്കുറിച്ച് ഒരു ചിത്രം തയാറാക്കണമെന്നാണ്. ചുരുക്കത്തിൽ ആ സംരംഭം നടന്നില്ല. മാധ്യമങ്ങളില്ലാതെ, വിശിഷ്യാ ചലച്ചിത്രകലയെ കൂടാതെ മുസ്‌ലിം ലോകത്തിന് പുതിയ ലോകത്ത് ഫലപ്രദമായ പബ്ലിക് റിലേഷൻസ് സാധ്യമല്ലെന്ന് അഖാദ് വിശ്വസിക്കുകയും ഉറക്കെപ്പറയുകയും ചെയ്തിരുന്നു. 'അറബ് രാഷ്ട്രങ്ങൾ മില്യൻ കണക്കിന് ഡോളറുകളാണ് ആയുധസാമഗ്രികൾ വാങ്ങാൻ ചെലവഴിക്കുന്നത്. എന്നിട്ട് വർഷത്തിൽ ഒരു ബുള്ളറ്റുപോലും ശത്രുവിനെതിരെ ഉതിർക്കാതെ കാലം കടന്നുപോകുന്നു. ആ പണത്തിന്റെ പത്തിലൊരംശം മതി അറബ് സംസ്കാരത്തെയും ചരിത്രത്തെയും കുറിച്ച് ഒന്നാംകിട സിനിമകൾ ചെയ്യാൻ. വളരെയേറെ ഫലപ്രദമായിരിക്കുമത്. കാരണം, എല്ലാ യുദ്ധങ്ങളും മാധ്യമയുദ്ധങ്ങളാണ്' (പൂർണ അഭിമുഖത്തിന് 'ഇസ്‌ലാം ഓൺലൈൻ' ആർക്കൈവ്സ് കാണുക).

പ്രേക്ഷകന്റെ ഇഷ്ടത്തിനും അഭിരുചിക്കും വിപണിക്കും ഒത്തുപോകുന്ന ചേരുവകളോടെ സിനിമയുണ്ടാക്കുകയല്ല നമ്മുടെ കാലം തേടുന്ന ശരിയായ ഇസ്‌ലാമിക ബാധ്യത. തീർച്ചയായും ടെലിസിനിമ എന്ന സങ്കേതത്തിന് അനേകം സാധ്യതകളുണ്ട്. ഉദ്ദേശ്യശുദ്ധിയും ആത്മാർഥതയും കലാപരതയും സമകാലീന രാഷ്ട്രീയ അവബോധവും മാധ്യമത്തിൽ തികഞ്ഞ കൈയടക്കവുമാണ് ആ മേഖലയിൽ പ്രവർത്തിക്കുന്നവർ നിരന്തരം പ്രകടിപ്പിക്കേണ്ടത്. മുസ്‌ലിം വീടകങ്ങളെ നേരിട്ട് അഭിസംബോധന ചെയ്യുന്നു ഇവയൊക്കെയും എന്നതിനാൽ അവയെക്കുറിച്ചുള്ള നിരൂപണങ്ങൾ വളരെ കർക്കശമായിരിക്കുമെന്ന ഉത്തരവാദിത്വബോധവും ദൈവഭയവും അതിലുൾച്ചേരുന്ന ഓരോരുത്തർക്കുമുണ്ടാകണം. ഇംഗ്ലീഷിലും പേർഷ്യനിലും അറബിയിലും റഷ്യനിലും ആത്മീയ-രാഷ്ട്രീയ വിവക്ഷകളോടെ എടുക്കപ്പെട്ടിട്ടുള്ള സ്വീകാര്യമായ എല്ലാ സിനിമകളും നിലവിൽ ചലച്ചിത്രങ്ങളും ടെലിവിഷനും കണ്ടുകൊണ്ടിരിക്കുന്ന മുസ്‌ലിം പ്രേക്ഷകരിലേക്ക് പല മാർഗേണ എത്തിക്കേണ്ടതുണ്ട്. നിലവാരക്കുറവിനെ തിരിച്ചറിയാനും തള്ളാനും ദൃശ്യഭാഷയുടെ പ്രബുദ്ധതയിലേക്ക് വളരാനും സാമ്രാജ്യത്വത്തിന്റെ സാംസ്കാരിക ഉള്ളടക്കത്തെ തിരസ്കരിക്കാനും സമുദായത്തിന് എളുപ്പം സാധിക്കുമ

പ്പോൾ. അതേസമയം ജീവിതത്തിൽ ടി.വിയോ സിനിമകളോ കാണാത്ത, കാഴ്ച മലിനപ്പെടാത്ത പ്രേക്ഷകരെ നിർബന്ധപൂർവം ഫിലിം ഫെസ്റ്റിവലുകളിലേക്ക് കൊണ്ടുപോകേണ്ട ആവശ്യവുമില്ല. പക്ഷേ, നിലവിലെ ചവറു സിനിമകൾ കാണുന്നവരും ഉണ്ടാക്കുന്നവരും മികച്ച ലോക സിനിമകൾ കാണുകതന്നെ വേണം. അതല്ലാതെ യാതൊരു പോംവഴിയുമില്ല. മൗലികവും ഭദ്രവും സുശക്തവും, ഗുണപരമായ സ്വാധീനം ചെലുത്തുന്നതും പ്രേക്ഷകരെ പ്രബുദ്ധതയിലേക്കു നയിക്കുന്നതുമായ ചലച്ചിത്രങ്ങൾ മാത്രമേ ഇസ്‌ലാമികമായി ന്യായീകരിക്കപ്പെടുകയുള്ളൂ. അല്ലാത്തവയെ ചരിത്രം ചിരിച്ചുതള്ളും. ■